"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- വനം വന്യജീവി വകുപ്പിൽ റിസർവ്വ് വാച്ചറായി സേവനത്തിലിരിക്കേ അന്തരിച്ച ശ്രീ. സി.ജെ.തോമസ്സിന്റെ മകനായ ശ്രീ. ലിജോ തോമസിന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.3/2022/വനം തീയതി, തിരുവനന്തപുരം, 11/01/2022.

പരാമർശം:-

1. സ.ഉ.(പി). നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ. ലിജോ തോമസ്, ചാലയ്ക്കലഴികത്ത് വീട്, ടൗൺ വാർഡ്, ഈസ്റ്റ് കല്ലട.പി ഒ, കൊല്ലം- 691 502 സമർപ്പിച്ച 04.03.2021 ലെ അപേക്ഷയും അനുബന്ധരേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 31.03.2021 ലെ ഇ6-802/2021 നമ്പർ കത്തും അനുബന്ധരേഖകളും.
4. കൊല്ലം ജില്ലാ കളക്ടറുടെ 20.11.2021 ലെ DCKLM/4961/ 2021-S4 നമ്പർ കത്തും അനുബന്ധരേഖകളും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ റിസർവ്വ് വാച്ചറായി ജോലി നോക്കവേ, 30.06.2014 ൽ അന്തരിച്ച ശ്രീ. സി.ജെ.തോമസ്സിന്റെ മകനായ ശ്രീ. ലിജോ തോമസിന്, സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2) കൊല്ലം തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ ഭാര്യ സിബിതോമസ്, മകൾ ലിജിതോമസ്, മകൻ ലിജോ തോമസ്, പരേതന്റെ മാതാവ് ഏലിയാമ്മ എന്നിവരാണ്. അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 13.08.2002 ആണ്. ടിയാന് 19 വയസ്സ് പൂർത്തിയായിട്ടുള്ളതും എസ്.എസ്.എൽ.സി, പ്ലസ്ടു എന്നിവ പാസ്സായിട്ടുള്ളതുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 1,65,000/--രൂപയാണെന്ന് കൊല്ലം തഹസീൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ റിസർവ്വ് വാച്ചറായി സേവനത്തിലിരിക്കേ

30.06.2014 ൽ അന്തരിച്ച ശ്രീ. സി.ജെ.തോമസ്സിന്റെ മകനായ ശ്രീ. ലിജോ തോമസിന്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, വനം വകുപ്പിൽ കൊല്ലം ജില്ലയിൽ, 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം, ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും കൊല്ലം ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4) അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5) ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. ലിജോ തോമസ്, ചാലയ്ക്കലഴികത്ത് വീട്, ടൗൺ വാർഡ്, ഈസ്റ്റ് കല്ലട.പി ഒ, കൊല്ലം- 691 502. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 12-01-2022 09:55:22
Reason: Approved
സെക്ഷൻ ഓഫീസർ.